I/116300/2023

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്
തിരുവനന്തപുരം - 695 014
ഇ-മെയിൽ : tcoffice.mvd@kerala.gov.in
വെബ്: www.mvd.kerala.gov.in
ഫോൺ :0471-2333317 / 37

തീയതി: **25-03-2023**

പ്രേഷകൻ :

ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്:

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ( എൻഫോഴ്സ്മെന്റ് )
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ് - '**വാക്ക് റൈറ്റ് ലുക്ക് റൈറ്റ്** കാൽനടയാത്രക്കാരുമായി ബന്ധപ്പെട്ട അപകടങ്ങൾ കുറയ്ക്കുന്നതിനായുള്ള പ്രത്യേക ഡ്രൈവ് -സംബന്ധിച്ച്.

കേരളത്തിലെ നിരത്തുകളിൽ കാൽനടയാത്രക്കാർക്ക് സംഭവിക്കുന്ന അപകടങ്ങളുടെ എണ്ണം വളരെ കൂടുതലാണ്. ഇതിനൊരു പ്രധാന കാരണം കാൽനടയാത്രക്കാർ റോഡിന് ഇടതുവശത്തു കൂടി നടക്കുന്നതും ആയതുകാരണം പുറകിൽ നിന്നും വരുന്ന വാഹനങ്ങളെ കാണാൻ കഴിയാതെ വരുന്നതുമാണ്. നടപ്പാതയിലൂടെ ഉണ്ടാകുന്ന അപകടങ്ങളിൽ കേരളത്തിൽ ഏകദേശം 23% വ്യക്തികൾ മരണപ്പെടുന്നതായാണ് കണക്ക്. ആയതിനാൽ വാഹനങ്ങളെ അഭിമുഖീകരിക്കുന്ന നിലയിൽ റോഡിനു വലതുവശത്തുകൂടി നടക്കുവാൻ കാൽനടയാത്രക്കാർക്ക് ബോധവൽക്കരണം നൽകേണ്ടതാണ്.

അതുപോലെ, പ്രധാന റോഡിലേക്ക് പ്രവേശിക്കുന്ന ഡ്രൈവർമാർ ജാഗ്രത പാലിക്കുകയും കാൽനടയാത്രക്കാരുടെയും മറ്റ് ഡ്രൈവർമാരുടെയും സുരക്ഷ ഉറപ്പാക്കാൻ വളവുകൾ തിരിയുന്നതിനു മുമ്പ് വലതുവശത്തേക്ക് നോക്കുകയും വേണം. പലയിടത്തും ഇത് പാലിക്കപെടാത്തതാണ് അപകടങ്ങൾക്ക് കാരണം. കാൽനടയാത്രക്കാരെ റോഡിൻറെ വലതുവശത്തുകൂടി നടക്കുന്നതിന് പ്രോത്സാഹിപ്പിക്കുന്നതിനും ഡ്രൈവർമാർ മേല്പറഞ്ഞ പ്രകാരം ജാഗ്രതപുലർത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനായി ഏപ്രിൽ മാസം മൂന്നാം ആഴ്ച ( 17th April to 23rd April) "WALK RIGHT LOOK RIGHT" എന്ന പേരിൽ ഒരു ഡ്രൈവ് നടത്തുന്നതിനായി നിർദേശം നൽകുന്നു . പ്രസ്തുത ഡ്രൈവുമായി ബന്ധപ്പെട്ട റിപ്പോർട്ട് ബന്ധപ്പെട്ട ഡിറ്റിസി മുഖേന 2023 ഏപ്രിൽ 26 തീയതി 5:00 മണിക്ക് മുൻപായി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

I/116300/2023

Signed by
Pramoj Sanker P S
Date: 25-03-2023 18:58:59

PRAMOJ SANKER P S
ADDITIONAL TRANSPORT COMMISSIONER

ശ്രീ.വൈശാഖ്/എച്ച്എ ഇ സെക്ഷൻ സ്പെഷ്യൽ ഡ്രൈവ് ഏകോപിപ്പിക്കുകയും TC, adtl.TC എന്നിവരുടെ വിലയിരുത്തലിനായി റിപ്പോർട്ടുകൾ ഏകീകരിക്കുകയും ചെയ്യേണ്ടതാണ്.

*മോട്ടോർ വാഹന വകുപ്പ്, കേരളം*